**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.840          08.03.2012 ൽ മറുപടിക്ക്

**അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.വി.റ്റി ബൽറാം | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ അറിയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | മോട്ടോർ വാഹന വകുപ്പിൻ കീഴിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളെക്കുറിച്ചുള്ള മേൽവിലാസം ഒഴികെയുള്ള വിവരങ്ങൾ www.keralamvd.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷ നൽകിയും വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. മൊബൈൽ ഫോണിൽ MVD V <vehicle No> എന്ന ഫോർമാറ്റിൽ 53725 അല്ലെങ്കിൽ 537252 എന്ന നമ്പരിലേയ്ക്ക് എസ്.എം.എസ്. ചെയ്താലും മേൽവിലാസം ഒഴികെയുള്ള വിവരങ്ങൾ ലഭിക്കുന്നതാണ്, |
| (ബി) ഇത് ശേഖരിക്കുന്നതിനായി ഒരു ഡേറ്റാബാങ്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി & (സി) | കേരളത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ വാഹനങ്ങളുടെയും വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ ഡാറ്റാ ബേസിൽ ലഭ്യമായതിനാൽ മറ്റൊരു ഡേറ്റാ ബേസ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ